(ബി) ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് എസ്റ്റിമേറ്റിലുമായി പ്രഖ്യാപിച്ച 174 പദ്ധതികൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിലെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിൽ വരുത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 2013-14 വർഷത്തെ ബഡ്ജറ്റിൽ മുന്നൂറ്റി എൺപതോളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള വിശദാംശങ്ങൾ പ്രകാരം ഇരുന്നൂറോളം പദ്ധതികൾക്ക് ഇതിനോടകംതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിക്കഴിഞ്ഞ പദ്ധതികളുടെ നിർവ്വഹണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒട്ടുമിക്ക പദ്ധതികളുടെയും നിർവ്വഹണത്തിന് ബഡ്ജറ്റിൽതന്നെ ആവശ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് ഭരണവകുപ്പ് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഉപധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതിക കാരണങ്ങൾകൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഉയർന്ന മുൻഗണന നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2013-14-ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനുവേണ്ടി വകകൊള്ളിച്ച തുക

118 (6569) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം 2013-14-ലെ ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ഓരോ വകുപ്പിനുവേണ്ടി വകകൊള്ളിച്ച തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(ബി) മുഴുവൻ തുകയും ചെലവഴിച്ച വകുപ്പുകൾ ഏത്ര ;

(സി) ചെലവഴിക്കാൻ 50ശതമാനം ബാക്കിയുള്ള വകുപ്പ് ഏതെല്ലാം ;

(ഡി) ചെലവഴിക്കുന്നതിൽ കുറവ് വരാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2014 മാർച്ച് 31 വരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭകണക്കുകൾ പ്രകാരം, സംസ്ഥാന നിയമസഭാ, തെരഞ്ഞെടുപ്പുകൾ, ഭൂനികുതി, ജയിലുകൾ, പെൻഷനും പലവകയും ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളിൽ ബഡ്ജറ്റ് വിഹിതം മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നഗര വികസനം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളിൽ 50 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ടായിരുന്നു.

(ഡി) ചില വൻകിട പദ്ധതികൾക്കായി വകയിരുത്തിയ വിഹിതത്തിൽ പ്രതീക്ഷിച്ച തോതിലുള്ള വിനിയോഗം സാധ്യമാകാത്തതും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാത്തതിനാലും ചില വകുപ്പുകളിൽ തസ്തികകൾ ഒഴിഞ്ഞുകിടന്നതുകാരണം ശമ്പള ഇനത്തിൽ വകയിരുത്തിയ വിഹിതം പൂർണ്ണമായി ചെലവാക്കാത്തതുമാണ് ചില ധനാഭ്യർത്ഥനകളിൽ കുറഞ്ഞ ചെലവിനുള്ള പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

119 (6570) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ ; ഉണ്ടെങ്കിൽ പ്രതിസന്ധിക്കുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) അധിക വിഭവസമാഹരണ മാർഗ്ഗങ്ങളിൽനിന്നും ലഭ്യമായ വരുമാനം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന തുകയിലും കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും ലഭിക്കേണ്ടിയിരുന്ന തുകയിലും കുറവുണ്ടാകുകയും ചെയ്തതിനാൽ റവന്യു വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടായില്ല. ഈ സാഹചര്യത്തിലും പദ്ധതി പ്രവർത്തനങ്ങൾക്ക് കുറവുവരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ കാരണമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly